**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 270** **13-07-2022 - ൽ മറുപടിയ്ക്ക്**

**സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ്,<br>ശ്രീ പ്രമോദ് നാരായൺ,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് സ്കൂൾ പാഠ്യപദ്ധതി പരിഷ്കരിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നവകേരളസൃഷ്ടിക്ക് വേണ്ടിയുള്ള ശ്രമങ്ങളുടെ ഭാഗമായി പുതുതലമുറയെ സജ്ജമാക്കുക എന്ന ലക്ഷ്യത്തോടെയാണ് പരിഷ്കരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളത്. പാഠ്യപദ്ധതി ചട്ടക്കൂട് നിർമ്മാണം, പാഠപുസ്തകങ്ങളും അനുബന്ധ സാമഗ്രികളും തയ്യാറാക്കൽ തുടങ്ങിയവ ഉൾപ്പെടുന്ന സമഗ്രമായ പാഠ്യപദ്ധതി പരിഷ്കരണം ആണ് തുമാനിച്ചിട്ടുള്ളത്. |
| (ബി) | ഇപ്പോഴുള്ള പാഠ്യപദ്ധതി പരിഷ്കരിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ; അതിന്റെ നേട്ടങ്ങളും കോട്ടങ്ങളും വിശകലനം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | സംസ്ഥാനത്ത് ഇപ്പോൾ നിലവിലുള്ള പാഠ്യപദ്ധതി പരിഷ്കരിച്ചത് 2007 ലാണ്. 2007 ൽ രൂപീകരിച്ച കേരള പാഠ്യപദ്ധതി ചട്ടക്കൂടാണ് ഇപ്പോഴും നിലനിൽക്കുന്നത്. എന്നാൽ 2013 ൽ പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട ഒരു നയരേഖ വിദ്യാഭ്യാസ വകുപ്പ് പ്രസിദ്ധീകരിച്ചിരുന്നു. അപ്രകാരമുള്ള പാഠപുസ്തകങ്ങളാണ് ഇപ്പോൾ നിലവിലുള്ളത്. നിലവിലുള്ള പാഠപുസ്തകങ്ങളുടെ കോട്ടങ്ങളും നേട്ടങ്ങളും സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (എസ്.സി.ഇ.ആർ.ടി.) വിലയിരുത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ പ്രശ്നങ്ങൾ പരിഹരിക്കാനായി വിനിമയ പാഠം (Transactional Text) എന്ന പേരിൽ പഠന സാമഗ്രികൾ തയ്യാറാക്കുകയുണ്ടായി. കൂടാതെ നിലവിലെ പഠന സാമഗ്രികൾ ശാസ്ത്രീയമായി വിശകലനം ചെയ്ത് എസ്.സി.ഇ.ആർ.ടി. റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. |
| (സി) | പരിഷ്കരണത്തിലൂടെ എന്തെല്ലാം മാറ്റങ്ങളാണ് വിഭാവനം ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ; ലിപി | (സി) | പാഠ്യപദ്ധതി പരിഷ്കരണത്തിലൂടെ താഴെ പറയുന്ന മാറ്റങ്ങളാണ് ലക്ഷ്യം വെക്കുന്നത്. |

| | | | |
|---|---|---|---|
| | പരിഷ്കരണം കൂടി ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കാമോ; | | 1. വൈജ്ഞാനിക സമൂഹമായിട്ടുള്ള കേരളത്തിന്റെ പരിവർത്തനം.<br>2. ജനാധിപത്യ മതനിരപേക്ഷ മൂല്യങ്ങളിൽ അധിഷ്ഠിതമായ സമൂഹ സൃഷ്ടി.<br>3. സമൂഹത്തിന്റെ എല്ലാ തലങ്ങളിലും അവസര സമത്വവും തുല്യനീതിയും ഉറപ്പാക്കൽ.<br>4. സാമൂഹിക പ്രശ്നങ്ങളെ വിമർശനപരമായി വിലയിരുത്താൻ ശേഷിയുള്ള സമൂഹത്തെ സൃഷ്ടിക്കുക.<br>5. പ്രകൃതിസ്നേഹം, സമൂഹശുചിത്വം, തൊഴിൽനൈപുണ്യം എന്നിവ പുതിയ കാഴ്ചപ്പാടിൽ മികവുറ്റതാക്കാനും സുസ്ഥിരമായി നിലനിർത്തുന്നതിനുള്ള മനോഭാവം വളർത്താൻ സമൂഹത്തെ പ്രാപ്തമാക്കുക. |
| (ഡി) | സംസ്ഥാനത്തിന്റെ പൊതു വിദ്യാഭ്യാസ മേഖല ആർജ്ജിച്ച നേട്ടങ്ങൾ നിലനിർത്തിക്കൊണ്ടുതന്നെ പുതിയ കാലഘട്ടത്തിലെ വെല്ലുവിളികൾ നേരിടുന്നതിനും വിജ്ഞാന സമൂഹം സൃഷ്ടിക്കുന്നതിനും ഊന്നൽ നൽകി പാഠ്യപദ്ധതി പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | സംസ്ഥാനത്ത് നിലവിലുള്ള പാഠ്യപദ്ധതിയുടെ അടിസ്ഥാന സവിശേഷതകൾ നിലനിർത്തിയാവും പുതിയ വൈജ്ഞാനിക സമൂഹത്തിന് വേണ്ടിയുള്ള പാഠ്യപദ്ധതി പരിഷ്കരണം നടപ്പിലാക്കുക. |

സെക്ഷൻ ഓഫീസർ